# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.950 30.11.2018 ലെ മറുപടി

### ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ പുനർനിർമ്മാണം

ചോദ്യം

ശ്രീ. യു. ആർ. പ്രദീപ്:

മറുപടി

കെ. കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) പ്രളയത്തിലും മലവെള്ള പാച്ചിലിലും തകർന്ന ചേലക്കര നിയോജക മണ്ഡലത്തിലെ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അഞ്ച് പഞ്ചായത്തുകളിലായി 2500-ൽ പരം ഏക്കർ സ്ഥലത്തെ നെൽകൃഷിയ്ക്ക് നേരിട്ട് ജലസേചന സൗകര്യം ലഭ്യമാക്കുവാൻ സഹായകമാവുന്ന പ്രസ്തുത പദ്ധതിയ്ക്ക് അടിയന്തരമായി തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നൽകുമോ ?

**(എ) യും (ബി) യും (സി) യും**

ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ പുനർനിർമ്മാണത്തിനായുള്ള 14 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ് XXIV ൽ പരിഗണിച്ച് ഭരണാനുമതി നല്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഈ വർഷത്തെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവർത്തികൾക്ക് ദർഘാസ് ക്ഷണിച്ചു വരുന്നു. താത്കാലികമായി കനാൽ വഴി ജലസേചനം നടത്തുവാൻ നിലവിലെ വിയറിൽ മണൽ ചാക്കിട്ട് താത്കാലിക ബണ്ട് നിർമ്മിക്കുവാനും മെക്കാനിക്കൽ പ്രവർത്തകൾക്കും കനാലിന്റെ ഇൻടേക്ക് പോർഷനും കനാൽ റഗുലേറ്ററിനും വിയർ റോഡിനും ചെറുതുരുത്തി കനാലിന്റെ അടിയന്തര പണികൾക്കുമായി 69.25 ലക്ഷം രൂപയുടെ പ്രവർത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ